''**ഭരണഭാഷ-മാതൃഭാഷ**''

നമ്പർ എച്ച്3/18716/2018/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 17-05-2019

പ്രേഷിതാവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും

സർ,

വിഷയം : പൊതുവിദ്യാഭ്യാസം - സംസ്ഥാനത്തെ ഗവണ്മെന്റ്, എയ്ഡഡ് യു.പി/ഹൈ സ്കൂളുകളിലെ സ്പെഷ്യൽ ഫീസ് അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയുടെ വിനിയോഗം സംബന്ധിച്ച്

സൂചന : 1) 29-03-2017 ലെ സ.ഉ (സാധാ) നമ്പർ 884/2017/പൊ.വി.വ
2) 22-11-2017 ലെ സ.ഉ (സാധാ) നമ്പർ 4500/2017/പൊ.വി.വ
3) ഈ കാര്യാലയത്തിൽ നിന്നുള്ള 10-04-2017 ലെയും 19-12-2017 ലെയും പുറത്തെഴുത്ത് കത്തുകൾ നമ്പർ എച്ച്3/50355/2015/ഡി.പി.ഐ
4) ഈ കാര്യാലയത്തിൽ നിന്നുള്ള 04-05-2019 ലെ ഇതേ നമ്പർ കത്ത്

സൂചന (4) ലെ കത്തിലേക്ക് താങ്കളുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു. ഈ കത്തിലെ ഖണ്ഡിക 4 ൽ ''സ്പെഷ്യൽ ഫീസ് അക്കൗണ്ടിൽ 31-03-2019 വരെ അവശേഷിക്കുന്ന തുക 15-05-2019 ന് മുമ്പ് പിൻവലിക്കാനും സൂചനയിലെ ഉത്തരവുകളിൽ നിർദേശിക്കുന്ന പ്രവർത്തനങ്ങൾക്കായി (സ്പെഷ്യൽ ഫീസ് വിനിയോഗിക്കുന്നതിന് 24-01-1969 ലെ ജി.ഒ (പി) നമ്പർ 46/69/വി.വ ൽ നിഷ്കർഷിക്കുന്ന ഇനങ്ങൾക്കുൾപ്പെടെ) വിനിയോഗിക്കാൻ എല്ലാ പ്രഥമാധ്യാപകർക്കും കർശന നിർദേശം നൽകണം'' എന്നാണ് അറിയിച്ചിരുന്നത്. ഇതിലെ ''31-03-2019 വരെ അവശേഷിക്കുന്ന തുക'' എന്നത് അച്ചടിപ്പിശക് മൂലം സംഭവിച്ചതാണെന്നും ആയത് **''31-03-2015 വരെ അവശേഷിക്കുന്ന തുക''** എന്ന് തിരുത്തി വായിക്കണമെന്നും **31-03-2015 വരെ അവശേഷിക്കുന്ന തുക മാത്രമേ പിൻവലിച്ച് വിനിയോഗിക്കാവൂ** എന്നും അറിയിക്കുന്നു. ഇക്കാര്യം ബന്ധപ്പെട്ട പ്രഥമാധ്യാപകരെയെല്ലാം അടിയന്തരമായി അറിയിക്കേണ്ടതാണ്. സൂചന (4) ലെ കത്തിൽ മേൽപറഞ്ഞതല്ലാതെ മാറ്റങ്ങളൊന്നും ഉണ്ടായിരിക്കുന്നതല്ല. 31-03-2019 വരെ സ്പെഷ്യൽ ഫീസ് അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയുടെ വിവരം റിപ്പോർട്ട് ചെയ്യുന്ന കാര്യത്തിലൊന്നും യാതൊരു മാറ്റവുമില്ലെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ

ജെസ്സി ജോസഫ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഇൻ-ചാർജ്)

പകർപ്പ് :

1) എല്ലാ യു.പി/ഹൈ സ്കൂൾ പ്രഥമാധ്യാപകർക്കും
(വിദ്യാഭ്യാസ ഓഫീസർ മുഖാന്തരം)
2) എക്സിക്യൂട്ടീവ് ഡയറക്ടർ & വൈസ് ചെയർമാൻ, കൈറ്റ്, പൂജപ്പുര
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)